ഓം ശ്രീഗുരുഭ്യോനമഃ

ഗുരുദർശനം പുണ്യം

വന്ദനം പാപനാശനം

വിശ്വാസം കോടിതീർത്ഥംച

അനുഗ്രഹം മോക്ഷ കാരണം

ഭക്താശ്രമം സ്ഥാപകൻ തപോനിധി ശ്രീഗുരുമഹർഷി ഷൺമുഖദാസർ

മുഖ്യശിഷ്യൻ പറവൂർ പെരുമ്പടന്ന ഭക്താശ്രമാധിപതി ഗുരുപ്രസാദിന് '

സ്വാമി ഗുരുപ്രസാദ്' എന്ന ഈശ്വര നാമകരണ പ്രഖ്യാപനം

# അനുഗ്രഹ ശുഭാശംസകൾ

കലിഗുണം മുതലായ കൊടുംക്രൂരമായ ദുർഗുണങ്ങളുടെ പിടിയിൽപെട്ട് മാതാപിതാഗുരുദൈവം എന്ന ബോധം മറന്ന് ഈശ്വരസ്നേഹം, മനുഷ്യസ്നേഹം, സഹജീവിസ്നേഹം മുതലായ മഹനീയ സൽഗുണങ്ങളില്ലാതെ അതികഠിനങ്ങളായ രോഗദുഃഖദുരിതങ്ങളും മറ്റും അനുഭവിച്ച് പരസ്പരം കലഹിച്ചും വിരോധിച്ചും മറ്റു നരകയാതന അനുഭവിച്ചും ഭൂലോകമനുഷ്യർ നശിച്ചുകൊണ്ടിരിക്കുന്ന അതിദയനീയമായ ഒരവസ്ഥയാണിപ്പോൾ.

പ്രകൃതികോപം, ഭൂമികുലുക്കം മുതലായ അത്യാപൽക്കരമായ ഈ ഘട്ടത്തിൽ ഈശ്വരാധീനം വളർത്തി സൽഗുണങ്ങൾ വളർത്തി മനുഷ്യർ ബോധപൂർവ്വം സംഘടിച്ച് ദേവാലയങ്ങൾ, ആശ്രമങ്ങൾ മുതലായ ഈശ്വരകേന്ദ്രങ്ങൾ, മറ്റു സന്മാർഗ്ഗപ്രസ്ഥാനങ്ങൾ വഴി ഈശ്വരാധീനവും സൽഗുണങ്ങളും വളർത്തി നല്ല ഭാര്യാഭർത്താക്കന്മാർ, നല്ല അച്ഛനമ്മമാർ, നല്ല സ്ത്രീപുരുഷന്മാരായി ജീവിച്ച് ശ്രേഷ്ഠമായ മനുഷ്യജന്മം സഫലമാക്കുവാൻ നിരന്തരം പരിശ്രമിക്കുകയാണ് ഇപ്പോൾ മഹനീയമായ കർത്തവ്യ ധർമ്മം.

മഹനീയമായ ഈ സദുദ്ദേശത്തോടെ സമാരംഭിച്ചിട്ടുള്ള ഈ ഭക്താശ്രമത്തിനും ഇതിന്റെ ഗുരുഭൂതനും മറ്റ് ആചാര്യന്മാർക്കും ബ്രഹ്മവിഷ്ണുമഹേശ്വരന്മാരായ എല്ലാ ദൈവങ്ങളുടേയും സാക്ഷാൽ ശ്രീഗുരുവായ സർവ്വേശ്വരന്റേയും അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടും എല്ലാ ഭക്തജനങ്ങളുടേയും ബന്ധുജനങ്ങളുടേയും സജ്ജനങ്ങളുടേയും ശുഭാശംസകൾ നൽകിക്കൊണ്ടും ഈ ആശ്രമഗുരുവായ ഗുരുപ്രസാദിന് 'സ്വാമിഗുരുപ്രസാദ്' എന്ന ഈശ്വരനാമം പ്രഖ്യാപിച്ചുകൊണ്ട് വീണ്ടും വീണ്ടും സർവ്വവിജയം, ഐശ്വര്യം, സത്യം ശിവം ശങ്കരം ശാന്തി അനുഗ്രഹിച്ചിരിക്കുന്നു.

എൻ.പറവൂർ

2001 മാർച്ച് 10. ഗുരുസ്വാമി ശ്രീഗുരുമഹർഷി ഷണ്മുഖദാസർ



page1.jpg

## നാമപ്പതി അഥവാ ഒരു ചികിത്സാ സമ്പ്രദായം

| സ്ഥൂല ശരീരം - 12 ഘടകങ്ങൾ | |
|---|---|
| രസം<br>രക്തം<br>മാംസം<br>മേദസ്സ്<br>അസ്ഥി<br>മജ്ജ<br>ശുക്ലം | 7 ധാതുക്കൾ |
| വാതം<br>പിത്തം<br>കഫം | 3 ദോഷങ്ങൾ |
| മലം<br>മൂത്രം | 2 വസ്തുക്കൾ |

| സൂക്ഷ്മ ശരീരം - 9 ഘടകങ്ങൾ | |
|---|---|
| മനസ്സ്<br>ചിത്തം<br>ബുദ്ധി<br>അഹങ്കാരം | 4 ധാതുക്കൾ |
| സത്വം<br>രജസ്സ്<br>തമസ്സ് | 3 ദോഷങ്ങൾ |
| രാഗം<br>ദ്വേഷം | 2 മലങ്ങൾ |

ശരീരത്തിലെ വാതാദിദോഷങ്ങളുടെ ന്യൂനതകൊണ്ടു രസാദി ധാതുക്കൾ ദുഷിക്കും പോലെ മനസ്സിലെ (സൂക്ഷ്മശരീരം) സത്വാദികളുടെ ആധിക്യം കൊണ്ടു മനശ്ചിത്ത ബുദ്ധ്യഹങ്കാരങ്ങളാകുന്ന ധാതുക്കൾക്കും വൈകല്യം വരുന്നു. അപ്പോൾ മനസ്സ് (സൂക്ഷ്മശരീരം) രോഗഗ്രസ്തമായി. അതുതന്നെയാണ് സ്ഥൂല ശരീരത്തിൽ പ്രതിഫലിക്കുന്ന രോഗം. സൂക്ഷ്മങ്ങളും സൂക്ഷ്മശരീരധാതുക്കളുമായ മനശ്ചിത്ത ബുദ്ധ്യഹങ്കാരങ്ങളാണ് ഒരു പ്രകാരത്തിൽ പറഞ്ഞാൽ ഘനീഭവിച്ചു രസരക്തസ്ഥൂലധാതുക്കളായി പരിണമിച്ചിരിക്കുന്നതെന്ന അദ്ധ്യാത്മസിദ്ധാന്തം സ്വീകാര്യമായാലും ഇല്ലെങ്കിലും മനോബുദ്ധ്യാദിസൂക്ഷ്മ ധാതുക്കളുടെ ചേർച്ചയില്ലാതെ രസരക്താദി ധാതുക്കൾക്കു വിക്രിയകളോ സത്തപോലുമോ ഇല്ലെന്നതു സ്പഷ്ടമായ പരമാർത്ഥമാണ്.

**കാരണ ശരീരം**

സുഷുപ്തിയിലെ തത്ത്വം എല്ലാ അനുഭവങ്ങളുടെയും ബീജങ്ങൾ മുഴുവൻ കാരണ ശരീരത്തിൽ അത്യന്തസൂക്ഷ്മ രൂപേണ കർമ്മബീജങ്ങൾ അല്ലെങ്കിൽ വാസനകളായി നിൽക്കുന്നു. അവ പാകതക്കനുസരിച്ച് കാരണ ശരീരത്തിൽ നിന്നു സൂക്ഷ്മശരീരത്തിലേക്കും അല്ലെങ്കിൽ മനസ്സിലേക്കും മനസ്സിൽ നിന്ന് ശരീരത്തിലേക്കും വ്യാപിച്ചു വികസിക്കുന്നു. നല്ലതും ചീത്തയുമായ എല്ലാ അനുഭവങ്ങളും മനസ്സിൽ നിന്നു ശരീരത്തിലേക്കു വ്യാപിക്കുന്നു. അതുകൊണ്ടു ചികിത്സ ശരീരത്തേക്കാൾ കൂടുതൽ മനസ്സിന് ആവശ്യമായ വരുന്നു.

തന്റെ കർമ്മ ഫലമല്ലാതെ ആരും ഒന്നും അനുഭവിക്കുന്നില്ല. "ജന്മാന്തരകൃതം പാപം വ്യാധി രൂപേണജായതെ ആയുർവേദ സിദ്ധാന്തം യോഗരഹസ്യം" അതിന് ഏറ്റവും പറ്റിയ ചികിത്സ ഈശ്വരാശ്രയമാണ്.

രോഗം, ദാരിദ്ര്യം, വൈരം, അത്യദ്ധ്വാനം, അത്യാഹിതം തുടങ്ങിയവയെല്ലാം പാപകർമ്മങ്ങളുടെ ഫലമാണ്. ഭക്തിയോടുകൂടിയ നാമജപം കൊണ്ട് അവയിൽ നിന്നൊക്കെ രക്ഷപ്പെടാൻ സാധിക്കും.



page02.jpg

ജാഗ്രദാവസ്ഥയിൽ മനസ്സിന്റെ സ്ഥൂലമായ സ്വരൂപം ശബ്ദാകാരവും സ്വപ്നാവസ്ഥയിൽ രൂപമയവുമാണ്. നാമം ജപിക്കുമ്പോൾ മനസ്സ് ഈശ്വര ചൈതന്യവുമായി ഐക്യം പ്രാപിക്കുകയും ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളും പ്രവർത്തനരഹിതമാകുന്ന ലയാവസ്ഥ കൈവരും. (മാനസമായതു ബ്രഹ്മം തന്നെ - ഭഗവദ് ഗീത)

സംഗീതശാസ്ത്രം - സ്വരം മാതാ ലയം പിതാ. താളം, നൃത്തം, ഗീതം പരസ്പരം ഇണങ്ങിച്ചേരുമ്പോൾ ബ്രഹ്മാനന്ദാനുഭൂതി ഉണ്ടാകും.

വളരെ പഴക്കമുള്ള മാറാത്ത ദീനങ്ങളും മന്ത്രം കൊണ്ടു മാറ്റാം. മന്ത്രജപം കൊണ്ടു അത്ഭുതകരങ്ങളായ ആദ്ധ്യാത്മിക ശക്തി തരംഗങ്ങൾ അല്ലെങ്കിൽ ദിവ്യമായ ചില സ്പന്ദനവിശേഷങ്ങൾങ്ങൾ സൂക്ഷ്മ ശരീരത്തിന്റേയും കാരണ ശരീരത്തിന്റേയും സർവ്വാന്തർ ഭാഗങ്ങളിലും തുളച്ചു കയറി രോഗങ്ങൾക്കു നിദാനങ്ങളായി മൂലകാരണങ്ങളെ ഉന്മൂലനാശനം ചെയ്യുന്നു. ദേഹത്തിലെ സെല്ലുകളോരോന്നും വിശുദ്ധവും സത്വമയവുമാക്കി ദിവ്യശക്തികളെക്കൊണ്ടു നിറയ്ക്കുന്നു. പരമാണു പ്രായമായ അതിസൂക്ഷ്മ രോഗ ബീജങ്ങളെയെല്ലാം നശിപ്പിക്കുന്നു. മൂലാധാരങ്ങളായ ശരീരാവയവങ്ങളെയെല്ലാം ശക്തിമത്തുകളാക്കിത്തീർക്കുന്നു. അവ രോഗനിവാരണത്തിനുള്ള സിദ്ധൗഷധങ്ങളാണ്. Ultra violet rays and Routgen Rays എന്നിവയെക്കാൾ ശക്തി കൂടിയവയാണ്.

നിങ്ങൾ മന്ത്രം കൊണ്ടുലോകാനുഗ്രഹം ചെയ്യുന്ന ദിവ്യവൈദ്യന്മാരായിത്തീരട്ടെ. മന്ത്ര സിദ്ധന്മാരുടെ ദിവ്യ വൈദ്യ കേന്ദ്രങ്ങൾ ലോകത്തിലെങ്ങും സ്ഥാപിക്കുമാറാകട്ടെ.

കലിസന്തരണോപനിഷത്തിൽ ബ്രഹ്മദേവൻ ശ്രീ നാരദമഹർഷിയോടു പറയുന്നു, മനുഷ്യനു കലി ദോഷങ്ങളിൽ നിന്നു രക്ഷപ്പെടാൻ നാമജപംകൊണ്ടു മാത്രമെ സാധിക്കുന്നുവെന്ന്, എന്തു നാമമാണ് ജപിക്കേണ്ടതെന്നു ചോദിച്ചപ്പോൾ 'ഹരേ രാമ' യെന്ന ഷോഡശനാമങ്ങളെയും പറയുന്നു കലിദോഷങ്ങൾ അതിന്റെ മൂർദ്ധന്യദശയിലെത്തിയ കാലമാണിപ്പോൾ. ജനങ്ങൾ സംഘടിച്ചുകൊണ്ട് ഓരോ ദേശത്തും വിപുലമായ തോതിൽ നാമ ജപങ്ങളേർപ്പെടുത്തി നടത്തേണ്ടതാണ്. അല്ലാതെ ഇന്നു സാർവ്വത്രികമായി വളർന്നിരിക്കുന്ന കലിദോഷങ്ങൾക്കു പരിഹാരമുണ്ടാവാൻ വയ്യ. അങ്ങിനെ എല്ലാ ജനങ്ങളും സംഘടിച്ചു കൂട്ടായി നാമ ജപം നടത്താനൊക്കെ സാദ്ധ്യമാണോ എന്നാണെങ്കിൽ വേണമെന്നു തോന്നിയാൽ വിഷമമില്ല. ഓരോ 'ഗൃഹത്തിലുമുള്ളവർ സംഘടിച്ചു രാവിലെയും വൈകുന്നേരവും ഒന്നിച്ചിരുന്നു ഭക്തിയോടു കൂടി ഓരോ മണിക്കൂർ സമയമെങ്കിലും ജപിച്ചാൽ മതി. അങ്ങിനെ എല്ലാ ഗൃഹങ്ങളിലും ചെയ്യുന്നുവെങ്കിൽ സാർവ്വത്രികവും സംഘടിതജപവുമായി.

**ഹരേ രാമ! ഹരേ രാമ! രാമ രാമ! ഹരേ ഹരേ!!**

**ഹരേ കൃഷ്ണ! ഹരേ കൃഷ്ണ! കൃഷ്ണ കൃഷ്ണ! ഹരേ ഹരേ!!**

*(വ്യാഖ്യാതാ : സ്വാമി ജ്ഞാനാനന്ദ സരസ്വതി, ആനന്ദകുടീരം പ്രസിദ്ധീകരണം, കന്യാകുമാരി)*


***കൂടുതൽ വിവരങ്ങൾക്കായി സമീപിക്കുക.***

**സ്വാമി ഗുരുപ്രസാദ്, ഭക്താശ്രമം**

**പെരുമ്പടന്ന, എൻ.പറവൂർ – 683513. ഫോൺ : 9249502293**

***വേദപരിചയം :*** DVD - 80 mts.

www.bhaktashramam.org/E-brouchure

Email.bhaktashramam@ymail.com/facebook.bhaktashramam.com

# ഓം ശ്രീഗുരവേ നമഃ

ഗുരുർബ്രഹ്മാ:ഗുരുർ വിഷ്ണു: ഗുരുദേവോ ! മഹേശ്വരാ:
ഗുരുസാക്ഷാൽ പരംബ്രഹ്മ തസ്മൈ ശ്രീഗുരവേ നമ:
കൃഷ്ണായ : വാസുദേവായ സത്യാനന്ദ ചിദാത്മനേ;
സർവ്വാന്തര്യാത്മനേ ശ്രീമൽവെങ്കിടേശായ മംഗളം :

1. ഓംസഹനാവവതു: സഹനൗഭുനക്ത്യു സഹവീര്യംകരവാവഹൈ!
തേജസ്വിനാവധീതമസ്തു! മാവിദ്വിഷാവഹൈ! ഓംശാന്തി! ശാന്തി! ശാന്തി!

ഉപനിഷത് പ്രതിപാദിതമായ ബ്രഹ്മം നമ്മെ രണ്ടുപേരെയും ഒന്നിച്ചു രക്ഷിക്കട്ടെ! വിദ്യാദാനം കൊണ്ട് നമ്മെ രണ്ടുപേ രെയും ഒന്നിച്ചുപോഷിപ്പിക്കട്ടെ! വിദ്യാലാഭത്തിനായി നമുക്കു രണ്ടുപേർക്കും ഒന്നിച്ചു പരിശ്രമിക്കാം. നാം പഠിച്ചതെല്ലാം വീര്യവത്തായിത്തീരട്ടെ! നാം രണ്ടുപേരും അന്യോന്യം ദ്വേഷിക്കാതിരിക്കട്ടെ! ആദ്ധ്യാത്മികവും ആധി ഭൗതി കവും ആധിദൈവികവുമായുള്ള വിഘ്നങ്ങൽക്കെല്ലാം ശാന്തിയുണ്ടാകട്ടെ!രോഗാദികളായി അദ്ധ്യാത്മികങ്ങളും ചോരവ്യാഘ്രാദികളായി ആധിഭൗതികങ്ങളും യക്ഷരാക്ഷസാദികളായി ആധിദൈവികങ്ങളുമായപ്രതി ബന്ധങ്ങൾക്കെല്ലാം ശാന്തിയുണ്ടാകട്ടെ!
(യജുർവേദത്തിലെ തൈത്തിരിയോപനിഷത്ത്)

2. യജന്തേ സാത്ത്വികാദേവാൻ, യക്ഷരക്ഷാംസിരാജസാഃ
പ്രേതാൻ ഭൂത ഗണാംശ്ചാന്യേ, യജന്തേതാമസാജനാ:
(ഭഗവദ്ഗീത അദ്ധ്യായം 17 ശ്രദ്ധാത്രയ വിഭാഗയോഗം ശ്ലോകം 4)
"സാത്വികന്മാർ ദേവന്മാരെ ആരാധിക്കുന്നു. രാജസന്മാർ യക്ഷരക്ഷസ്സുകളെ ആരാധിക്കുന്നു. മറ്റുള്ള താമസന്മാരാകട്ടെ പ്രേതഭൂതഗണങ്ങളെ ആരാധിക്കുന്നു."

താമസീശ്രദ്ധയുള്ളവർ ദുരാചാരികളും കർക്കശന്മാരും നിർദ്ദയരുമാണ്. അവർ ക്രൂരമനസ്കരായി കരുണാനി ധിയും പരമകാരുണികനും സർവ്വാന്തര്യാമിയുമായ ദൈവത്തെ നിഷേധിക്കുന്നവരായി നിർദോഷികളായ ജീവി കളെ വധിച്ച് അവയുടെ രക്തവും മാംസവും ചവച്ചരച്ച് ഉപയോഗിച്ച് ആമാശയം ഒരു ശവപ്പറമ്പാക്കി മാറ്റി ഭൂതപ്രേ താദികൾക്കും മൺമറഞ്ഞവർക്കും ശ്മശാനത്തിൽ പോയി ബലിയർപ്പിക്കുന്നു.

ശ്രീമദ് ഭാഗവതം ഏകാദശസ്കന്ധം അദ്ധ്യായം 21
'ഹിംസയാഗത്തിലാകാമെന്നുവച്ചതുഹിംസാ–
വാസനകളെ മെല്ലെയില്ലാതാക്കുവാനത്രേ! 29
തൻസുഖത്തിനായ്പശുവൃന്ദത്തെക്കൃപാഹീനം
ഹിംസിച്ചു വിഹരിക്കും ഖലന്മാരെല്ലാവരും"

യോഗേശ്വരനായ ഭഗവാൻ ശ്രീകൃഷ്ണൻ ഭഗവത് ഗീതയിലും ഭാഗവതത്തിലും അരുളി ചെയ്യുന്നു. വേദാന്ത സാരമായഭാഗവതം - ഭഗവദ്ഗീതയുടെ അനുഷ്ഠാന രൂപമാണ്.

"കൊല്ലുന്നവനില്ല ശരണ്യത
മറ്റെല്ലാവക നന്മയുമാർന്നിടിലും,
കൊല്ലായ്കിലവൻ ഗുണമുള്ളപുമാൻ
അല്ലായ്കിൽ മൃഗത്തോടുതുല്യനവൻ" എന്ന് ശ്രീനാരായണഗുരുദേവനും എല്ലാ മതാചാര്യന്മാരും ഒരുപോലെ മാംസ ഭക്ഷണം നിരോധിച്ചിട്ടുള്ളതാകുന്നു.

റോഡ് യാത്രയിൽ ട്രാഫിക് നിയമം ലംഘിക്കുന്നവർക്ക് അപകടവും ശിക്ഷയും ലഭിക്കുന്നതുപോലെ മനു ഷ്യരായി ജനിച്ചവർ അവരുടെ ജീവിതയാത്രയിലും മനസ്സാ വാചാ കർമ്മണാ ഹിംസ ആചരിക്കുന്നവർ- ശിക്ഷിക്ക

പ്പെടും എന്ന നിയമമാണ് സനാതനധർമ്മം.

3. ആയുർവേദ സിദ്ധാന്തമനുസരിച്ച് 'ജന്മാന്തരകൃതംപാപം വ്യാധിരൂപേണ ജായതേ! തച്ഛാന്തിഃ ഔഷധൈർദാനൈർജ
പ ഹോമാർച്ചനാദിഭിഃ' പൂർവ്വജന്മ പാപകർമ്മ ഫലമായി നിനച്ചിരിയാതെ വരുന്ന മാരക രോഗങ്ങൾക്ക് ഔഷധസേവയോടൊപ്പം അഗ്നിഹോമവും പ്രതിവിധിയായി നിർദ്ദേശിച്ചിരിക്കുന്നു.

നാം ഭക്ഷിക്കുന്ന അന്നം മൂന്നു വിധത്തിൽ വിഭജിക്കപ്പെടുന്നു. അവയിൽ ഏറ്റവും സ്ഥൂലമായ ഭാഗം മലമായും, മദ്ധ്യമഭാഗം മാംസമായും ഏറ്റവും സൂക്ഷ്മമായ ഭാഗം മനസ്സുമായിത്തീരുന്നു. (സാമവേദം, ഛാന്ദോഗ്യോപനിഷത്ത് ആറാം അദ്ധ്യായം, ഖണ്ഡം അഞ്ച് ശ്ലോകം ഒന്ന്)

കുടിക്കുന്ന വെള്ളവും മൂന്നു വിധത്തിലായിത്തീരുന്നു. അതിൽ ഏറ്റവും സ്ഥൂലമായ ഭാഗം മൂത്രമായും മദ്ധ്യമഭാഗം രക്തമായും ഏറ്റവും സൂക്ഷ്മമായ ഭാഗം പ്രാണനായും തീരുന്നു (ശ്ലോകം രണ്ട്).

ഭക്ഷിക്കപ്പെട്ട എണ്ണ, നെയ്യ്, മുതലായ തേജസ്സും മൂന്നു വിധത്തിൽ പരിണമിക്കുന്നു. അതിന്റെ ഏറ്റവും സ്ഥൂലമായ ഭാഗം എല്ലുകളായും മദ്ധ്യമമായ ഭാഗം മജ്ജയായും ഏറ്റവും സൂക്ഷ്മമായ ഭാഗം വാക്കായും പരിണമിക്കുന്നു.

മനസ്സ് അന്നമയവും പ്രാണൻ ജലമയവും വാക്കു തേജോമയവുമായതിനാൽ ജന്തുഹിംസ ചെയ്യാതെ സാത്ത്വികമായ ഭക്ഷണരീതി സ്വീകരിച്ച് മനസ്സിനേയും പ്രാണനേയും വാക്കിനേയും ശുദ്ധമാക്കി സംരക്ഷിച്ച് ജീവിക്കുന്ന സന്മനസ്സുള്ള മനുഷ്യർക്കു മാത്രമെ ഭൂമിയിൽ സുഖവും സമാധാനവും ഉണ്ടാകൂ എന്നുള്ളത് അഖിലർക്കും സമ്മതവും ആർഷഭാരത ഋഷീശ്വര പരമ്പരയിലൂടെ വെളിപ്പെട്ടിട്ടുള്ള യോഗരഹസ്യമാകുന്നു.

ഈശ്വരാനുഭൂതി തപസ്സുചെയ്തു നേടിയ ഈശ്വരപ്രസാദം കൊണ്ടല്ലാതെ സർവ്വകലാശാലയിലെ ദൈവശാസ്ത്ര ബിരുദം കൊണ്ടു കിട്ടുന്നതല്ല. യോഗാഭ്യാസവും മതവും നിലവിളക്കും ജ്യോതിസ്വരൂപനായ ഈശ്വരനിലേക്ക് നയിക്കുന്ന പാതകളായതുകൊണ്ട് അത്തരം സദാചാരങ്ങളെ നിഷേധിക്കുന്നത് മതനിന്ദയും ഈശ്വരനിന്ദയും ആകുന്നു. സൃഷ്ടി, സ്ഥിതി, സംഹാരം ഈശ്വരഹിതമനുസരിച്ചാണ് നടക്കുന്നത്. ജനനം, ജീവിതം, മരണം, മനസ്സ്, വാക്ക്, പ്രവൃത്തി ഗുരുമുഖത്ത് നിന്നും യോഗരഹസ്യം ലഭിക്കാത്തവരാണ് യോഗാഭ്യാസത്തെ മതാചാരമായി കരുതി നിഷേധിക്കുന്നത്.

4. വേദസാരമായ ശ്രീമദ് ദേവീ ഭാഗവതത്തിൽ ഗോവിനെ ലോകമാതാവാക്കി കാമധേനുവായി ധർമ്മാർത്ഥകാമ മോക്ഷങ്ങൾ നൽകി മനുഷ്യജന്മം സഫലമാക്കുന്നതിനും ആയുരാരോഗ്യ സൗഖ്യം അരുളി അനുഗ്രഹിക്കുന്ന ഭൂമിയുടെ ലീലാ വിഗ്രഹമായും ഗോസംരക്ഷകനായും ഗോവിന്ദനാമധാരിയായും യോഗേശ്വരനായ ഭഗവാൻ ശ്രീകൃഷ്ണൻ വിശേഷിപ്പിക്കുന്നു.

"ഗോവിന്റെ കൊമ്പിൽ ഇന്ദ്രനും വിഷ്ണുവും ശൃംഗങ്ങളുടെ മദ്ധ്യത്തിൽ ബ്രഹ്മാവും നെറ്റിയിൽ ശിവനും, ചെവികളിൽ അശ്വിനിദേവകളും, കണ്ണിൽ സൂര്യചന്ദ്രന്മാരും ദന്തത്തിൽ മരുത്തുകളും, നാക്കിൽ സരസ്വതിയും ചർമ്മത്തിൽ പ്രജാപതിയും നിശ്വാസത്തിൽ നാലുവേദങ്ങളും കഴുത്തിൽ പാർവ്വതിയും മുതുകിൽ നക്ഷത്രങ്ങളും അപാന ദേശത്തിൽ സർവ്വ തീർത്ഥങ്ങളും ഗോമൂത്രത്തിൽ ഗംഗയും ചാണകത്തിൽ ലക്ഷ്മിയും നാസികയിൽ ജ്യേഷ്ഠയും ശ്രോണിയിൽ പിതൃക്കളും വായിൽ യമുനയും പാർശ്വങ്ങളിൽ വിശ്വദേവന്മാരും വക്ഷസ്സിൽ സുബ്രഹ്മണ്യനും കാൽമുട്ട്, തുട എന്നിവയിൽ പഞ്ചവായുക്കളും കുളമ്പിന്റെ മദ്ധ്യത്തിൽ ഗന്ധർവ്വന്മാരും അഗ്രത്തിൽ സർപ്പങ്ങളും സ്തനത്തിൽ ചതുസ്സമുദ്രങ്ങളും സ്ഥിതിചെയ്യുന്നതായി വർണ്ണിച്ചിരിക്കുന്നു. ഇപ്രകാരം ഗോവിനെ വിശ്വമാതാവായി ആരാധിക്കുന്നത് സനാതനധർമ്മം എന്ന ഹിന്ദുമതത്തിന്റെ പ്രത്യേകതയും സവിശേഷതയുമാണ്.

5. ലോകം കണ്ടതിൽ വെച്ച് ഏറ്റവും ധിഷണാശാലി അദ്വൈത മത സ്ഥാപകനായ ശ്രീമദ് ശങ്കരാചാര്യർ "ഭൂപാലനായ, ഭൂമിയിൽ കളിക്കുന്നതിനെടുത്ത ഗോപാല രൂപത്തോടുകൂടിയവനായി അഥവാ ഭൂമിയുടെ ലീലാവിഗ്രഹമായ ഗോവിനെ (പശുവിനെ പാലിച്ചവനായി) വംശയശസ്സിനെ പാലിച്ചവനായി, ഗോപിമാർ കളിക്കുന്ന ഗോവർദ്ധന പർവ്വതത്തെ കയ്യിൽ ധരിക്കുക എന്ന ലീലകൊണ്ട് ഗോപ ന്മാരെ സുഖിപ്പിച്ചവനാക്കി ഗോക്കളാൽ

(വാക്കുകളാൽ) പറയപ്പെട്ട ഗോവിന്ദൻ എന്ന സ്പഷ്ടനാമത്തോടുകൂടിയവനായി, പല നാമങ്ങളുള്ളവനായി പരമാനന്ദ സ്വരൂപനായ ഗോവിന്ദനെ നിങ്ങൾ ഭജിക്കുവിൻ എന്ന് അരുളിച്ചെയ്യുന്നു.

6. ജ്ഞാനത്തേയും കർമ്മത്തേയും സമന്വയിപ്പിക്കുന്ന യോഗസാധനയിലെ ശുദ്ധീകരണ പ്രക്രിയയിൽ നാമജ

പവും അഗ്നിഹോമവും. അഗ്നിയിൽ മന്ത്രസിദ്ധൻ ഹോമിക്കുന്ന നെയ്യ്, ചാണകം, പാൽ എന്നിവ സുഗന്ധ ധൂപമായി തേജസ്സായി പരിണമിച്ച് ദിവ്യഔഷധശക്തിയാൽ അന്തരീക്ഷം രോഗാണു വിമുക്തമാക്കി മനഃശാന്തിയും രോഗശാന്തിയും കാലാവസ്ഥാ വ്യതിയാനം മൂലം മനുഷ്യമനസ്സുകളിലുള്ള ദുർവാസനകളെ നശിപ്പിച്ച് സൽഗുണമുള്ളവരാക്കിത്തീർക്കുന്നു. ഭൂമി ഫലഭൂയിഷ്ടമാക്കി കാർഷിക വിളകൾക്ക് വളർച്ച നൽകി ലോകത്തിന് ഐശ്വര്യ ജീവിതം പ്രദാനം ചെയ്യുന്ന കർഷകനാണ് ഏറ്റവും വലിയ ഭക്തനെന്ന് ശ്രീരാമഭക്തനായ കബീർ അരുളി ചെയ്യുന്നു.

7. ലോകത്തിൽ ജീവകാരുണ്യ പ്രവർത്തനം ലക്ഷ്യമാക്കിയുള്ള അനേകം സന്നദ്ധ സംഘടനകൾ ഉണ്ടെങ്കിലും അവയിൽനിന്നും തികച്ചും വ്യത്യസ്തമായി രോഗവിമുക്ത ഭാരതം എന്ന ലക്ഷ്യമിട്ട് ഗവ്യ സിദ്ധാചാര്യൻ പരമപൂജനീയ നിരഞ്ജൻ വർമ്മാജി കാഞ്ചീപുരം മഹർഷി വാഗ്ഭട ഗോശാല പഞ്ചഗവ്യ അനുബന്ധ കേന്ദ്രം എന്നപേരിലുള്ള ഗുരുകുലത്തിനും ഗുരുകുല ശിക്ഷണത്തിലുമുള്ള ശിഷ്യന്മാരുടെ നേതൃത്വത്തിൽ നിരോഗീ ഭാരതയജ്ഞത്തിൽ പങ്കുകൊള്ളാനും സാധിച്ചത് പരമ ഭാഗ്യമായി കരുതുന്നു. എന്തെന്നാൽ 2003 ഫെബ്രുവരി 21, 22, 23 തിയതികളിൽ ഡൽഹിയിൽ വിശ്വഹിന്ദുപരിഷത്ത് സംഘടിപ്പിച്ച 10-ാം സന്യാസിസദസിൽ പങ്കെടുക്കാനും മഥുരാപുരി സന്ദർശിക്കാനും ഭഗവാന്റെ ഗർഭഗൃഹത്തിൽ ഇരുന്ന് പ്രാർത്ഥിക്കാനും യമുനാനദിയിൽ യാത്രചെയ്യാനും ഭാഗ്യം സിദ്ധിച്ചിട്ടുള്ളതാകുന്നു.

സർവ്വകാരണകാരണൻ ശ്രീകൃഷ്ണ പരമാത്മാവ് ഉത്തമ ശിഷ്യനും ഭക്തനുമായ ഉദ്ധവരോട് ഉപദേശിക്കുന്നു. (ഭാ.11/17/27)

**ഞാനെന്നു തന്നെ വിചാരിക്കണമാചാര്യനെ**
**മാനിച്ചിടാതെ ഇരുന്നീടരുത് ഒരിക്കലും**
**കേവലം മർത്ത്യനെന്ന ധീ വെച്ചു വീക്ഷിക്കൊല്ലാ -**
**സർവ്വദേവസ്വരൂപനാമാചാര്യൻ തർക്കമില്ല.**

ശ്രീ ഗുരുകാരുണ്യത്താൽ 2003 ജൂലൈ 14 നു ഭക്താശ്രമം ട്രസ്റ്റ് എന്ന ജീവകാരുണ്യ ട്രസ്റ്റ് രൂപീകരിക്കാനും ട്രസ്റ്റിന്റെ പത്ത് ഉദ്ദേശങ്ങളിൽ പരമപ്രധാനമായ 'ശാസ്ത്രീയ ചികിത്സാ സമ്പ്രദായങ്ങൾക്കു വഴങ്ങാത്ത ജന്മാന്തരകൃത പാപ കർമ്മഫലമായ മാറാ രോഗങ്ങൾ പഞ്ചഗവ്യ സമ്പ്രദായപ്രകാരം (പശുവിൻ പാൽ, തൈര്, നെയ്യ്, ചാണകം, മൂത്രം ഇവയുടെ മിശ്രിതം മന്ത്രശക്തി സഹിതമായ ദിവ്യഔഷധം) ചികിത്സിച്ചു ഭേദമാക്കാവുന്നതാണ്. ഇതോടൊപ്പം സസ്യങ്ങളും ജന്തുക്കളും മനുഷ്യ ജീവികളും ഉൾപ്പെടുന്ന പരിസ്ഥിതി ഏകോപന വ്യവസ്ഥയിലൂടെ ആയുരാരോഗ്യ സൗഖ്യ ജീവിതം കൈവരുത്തുക" - ഉൾപ്പെടുത്തിയിട്ടുള്ളതും ആകുന്നു.

ലോകസമാധാനത്തിനും കാലാവസ്ഥവ്യതിയാനത്തിനും കാരണമായുള്ള ഭക്താശ്രമം ട്രസ്റ്റിന്റെ ഉദ്ദേശം ഈ പരിപാടിയിലൂടെ സാക്ഷാത്ക്കാരം പ്രാപിച്ചിരിക്കുകയാണ്. 1986 അഷ്ടമിരോഹിണി നാളിൽ ശ്രീ ഗുരു മഹർഷി ഷൺമുഖദാസരുടെ ദിവ്യ സാന്നിദ്ധ്യത്തിൽ രാത്രി 8 മണി മുതൽ 12 വരെ കണ്ണൻകുളങ്ങര ശ്രീകൃഷ്ണക്ഷേത്രസന്നിധിയിൽ ഭക്തി സങ്കീർത്തന യജ്ഞം നടത്താനും ഭാഗ്യം സിദ്ധിച്ചിട്ടുള്ളതാകുന്നു. കലിയുഗം നശിച്ചു പുതിയൊരു ലോക സൃഷ്ടിക്കായി തപസ്സു ചെയ്ത തപോനിധി ശ്രീ ഗുരുമഹർഷി ഷൺമുഖദാസരുടെ ഏകശിഷ്യനെന്ന നിലയിൽ ഈ ഭക്തനെ ഈ വേദിയിൽ ക്ഷണിക്കാനും ആശംസകൾ അർപ്പിക്കാനും അവസരം ഒരുക്കിത്തന്ന എറണാകുളം ജില്ലാ ഗോ സേവാ കോർഡിനേഷൻ ഭാരവാഹികൾക്ക് പ്രണാമം അർപ്പിക്കുന്നു (നോട്ടീസ് കാണുക).

ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി ആരോഗ്യഭാരതി ഗോ സേവാസമിതിയുടേയും സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന ഗോ പൂജാ, ഗോ പ്രദർശനം, സൗജന്യ ചികിത്സ എന്ന ഈ മഹനീയ സംരംഭം ഗോ സംരക്ഷകനും ഗോകുല പാലകനും സർവ്വാന്തര്യാമിയായ ഗോവിന്ദനാമിയായ യോഗേശ്വരൻ ഭഗവാൻ ശ്രീകൃഷ്ണൻ സാന്നിദ്ധ്യം ചെയ്ത് സർവ്വാനുഗ്രഹം അരുളി വിജയിപ്പിക്കണമേ എന്നു പ്രാർത്ഥിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്യുന്നു.

ശ്രീകൃഷ്ണഭഗവാന്റെ പാഞ്ചജന്യത്തിന്റെ ധ്വനി കേട്ട് ലോകം മുഴുവൻ ഞെട്ടി. യമൻ സഭയോടു കൂടി ഒന്നായി വിറച്ചു. 84 ലക്ഷം നരകങ്ങളിൽ ആരൊക്കെ ഈ ശംഖധ്വനി കേട്ടുവോ അവരെല്ലാം മോക്ഷം പ്രാപിച്ചു എന്ന് ഗർഗ്ഗഭാഗവതം മഥുരാഖണ്ഡം 9-ാം അദ്ധ്യായം യദുസൗഖ്യം 29ാം ശ്ലോകം വർണ്ണിക്കുന്നു. അതുപോലെ ഇവിടെ കണ്ണൻകുളങ്ങര സമൂഹമഠം ഹാളിൽ "ഗാവോ വിശ്വസ്യമാതര" സന്ദേശം ലോകവാസി ജനങ്ങൾക്കെല്ലാം ആയുരാരോഗ്യം സൗഖ്യം അരുളട്ടെ എന്നു പ്രത്യേകമായും ആശംസിക്കുന്നു.

നാടെങ്ങും കോടികൾ മുടക്കി കാൻസർ പോലുള്ള മാരകചികിത്സക്കുമാത്രമായി കേരള സർക്കാർ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ പോകുന്ന അവസരത്തിൽ നാടൻ പശുവിന്റെ നാട്ടറിവ് നാട്ടുകാർക്കെല്ലാം പകർന്നുകൊടുത്ത് സർവ്വരോഗങ്ങൾക്കും ആശ്വാസം നൽകുന്ന ആരോഗ്യകേരളം സൃഷ്ടിക്കാനുള്ള സർവ്വരോഗ മുക്തി യജ്ഞം ആരംഭിക്കണമെന്ന് ഈ വേദിയിൽ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

"സ്വസ്തി പ്രജാഭ്യാം പരിപാലയന്താം
ന്യായേണ മാർഗ്ഗേണ മഹീംമഹീശ,
ഗോ ബ്രാഹ്മണേഭ്യ ശുഭമസ്തു നിത്യം
ലോകാ: സമസ്ത: സുഖിനോ ഭവന്തു
ഓം ശാന്തി : ശാന്തി: ശാന്തി :"

നിങ്ങൾ എന്ത് ആഗ്രഹിക്കുന്നുവോ അത് നിങ്ങൾക്ക് ലഭിക്കട്ടെ
എന്നെ പരീക്ഷിച്ച് വിശ്വസിക്കുക
അനുഭവപ്പെടുത്തിയ ശേഷം
എന്നെയും ദൂരെത്തള്ളുക
അനുഭവം തന്നെ സർവ്വശ്രേഷ്ടം (വേദ പ്രമാണം)


*കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക:*

**www.bhaktashramam.org Ebrochure**

**E-mail : bhaktashramam@ymail.com**

**TITLED 21st CENTURY PRESCRIPTION FOR WORLD PEACE (REAL SOLUTION FOR CLIMATE CHANGE)**

**PH : 9249502293, 0484 - 6454540**



# ശ്രീമദ് ദേവീ ഭാഗവതം

(മലയാളം പരിഭാഷ. ശ്രീ. ടി. സുബ്രഹ്മണ്യൻ തിരുമുമ്പ്)
(നിഷേധത്തിന്റെ നിഷേധത്തിലൂടെയാണ് പദാർത്ഥങ്ങളുടെ വളർച്ചയെന്ന സുപ്രസിദ്ധമായ മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെ പുതുമ ഈ ശ്ലോകം കൊണ്ടു സത്യമായും നശിക്കുന്നു.

സൃഷ്ടികാലത്തു ജനനം - കൽപാന്തത്തിങ്കൽ മൃത്യുവും
ബ്രഹ്മാവു തൊട്ടുള്ളവർക്കു- മുണ്ടാവന്നു യഥാക്രമം (4 - 20/28)
ഒന്നിൻ നാശത്തിനു ഹേതു തന്നെ ക്ഷോക്കുന്നു മറ്റതും
വിധിനിർമ്മിതമേതിന്നു മനന്യമിത്യതാൻക്രമം (29)
(വിചിത്രകർമ്മപാകത്തെ മൂഢന്മാരെന്തറിഞ്ഞിടാൻ?)
കാലത്തിൻ കെട്ടിലാപ്പെട്ട ജീവജാലങ്ങളൊക്കെയും
ശുഭാശുഭസ്വകർമ്മത്തെ ബ്ഭുജിച്ചേമതിയായ് വരൂ (4 - 21/6)
പ്രാരബ്ധം സർവ്വ ജീവിക്കും ദൈവ കൽപിതമെപ്പോഴും

(ഇനി വിദ്യകളിൽ അദ്ധ്യാത്മവിദ്യ താനാണെന്നു പറയുകയാൽ പ്രപഞ്ചത്തിലുള്ള വിദ്യകളിൽ എതാണ് ശ്രേഷ്ഠമായ വിദ്യ എന്നതിനെപ്പറ്റി സംശയമില്ല. എതു വിദ്യകൊണ്ട് നിത്യമായ സുഖവും ശാന്തിയും അനുഭവപ്പെടുമോ, എത് ആത്യന്തികമായ ദുഃഖനിവൃത്തി ഉളവാക്കുമോ അതാകുന്നു ഉത്തമമായ വിദ്യ. എതു വിദ്യ ജനന മരണ പ്രവാഹത്തിൽനിന്നു ജീവനെ വിടുവിക്കുന്നുവോ അതാണ് വിദ്യയിൽ ശിരോമണി എന്നു പറയപ്പെടുന്നത്.) തത്കർമ്മ യന്ന ബന്ധായ സാ വിദ്യാ യാ വിമുക്തയേ ആയാസായാപരം കർമ്മ വിദ്യാന്യാ ശിൽപനൈപുണം.

(എതു ബന്ധനമുണ്ടാക്കുന്നില്ലയോ ആ കർമ്മമാണ് കർമ്മം. എതു മോക്ഷമുളവാക്കുന്നുവോ ആ വിദ്യയാണ് വിദ്യ. ഇതര കർമ്മങ്ങളെല്ലാം ആയാസത്തെ ഉണ്ടാക്കുന്നവയാണ്. ഇതര വിദ്യകളെല്ലാം ശിൽപനൈപുണ്യമാത്രങ്ങളാകുന്നു)

ഭവസാഗരത്തിൽ മുങ്ങിയും പൊങ്ങിയും കഷ്ടപ്പെടുന്ന ജീവനെ കരകയറ്റി നിത്യാനന്ദിയാക്കുവാൻ എതു വിദ്യയ്ക്കു ശക്തിയുണ്ടെന്ന് ഗീത വ്യക്തമാക്കിയിരിക്കുന്നു.! ജീവനിലുള്ള ദിവ്യത്വത്തെ വികസിപ്പിക്കുന്നതേതോ അതിന്നാണ് പ്രാധാന്യം, മറ്റൊന്നിനുമല്ല. "നഹി നഹി രക്ഷതിഡുകൃഞ്കരണേ." ലൗകിക വിദ്യകളൊന്നും മനുഷ്യനെ ജനനമരണചക്രത്തിൽ നിന്നു രക്ഷിക്കുകയില്ല. ആകയാൽ ഭജ ഗോവിന്ദം, ഭജിക്കുക, ഭജിക്കുക. ആത്മവിദ്യ അഭ്യസിക്കുക. അദ്ധ്യാത്മവിദ്യ ആചരിക്കുക എന്ന് ശ്രീ ശങ്കരഭഗവത്പാദർ അറിയിച്ചിരിക്കുന്നു. ലൗകികവിദ്യകളെ ദൂഷിപ്പിക്കുകയല്ല മഹാത്മക്കളുടെ ഉദ്ദേശം. ആത്മവിദ്യയുടെ മഹത്ത്വം വെളിവാക്കുകമാത്രമാണവരുടെ ഉദ്ദേശ്യം. സമയോചിതംപോലെ ലോകത്തിലുള്ള എതു വിദ്യകൾ അഭ്യസിച്ചാലും എല്ലാറ്റിലും ഉപരിയായ ബ്രഹ്മവിദ്യയുടെ പരിചയം നിശ്ചയമായും മനുഷ്യർ സമ്പാദിക്കേണ്ടതാണ്.

താവന്മായാ ഭവഭയകരി പണ്ഡിതത്വം ന യാവത്
തത് പാണ്ഡിത്യം പതതി ന പുനസ്തേന സംസാര ചക്രേ
യത്നം കുര്യാദവിരതമതി : പണ്ഡിതത്വേ /യമാത്മാ
ജ്ഞാനോദാരേ ഭയമിതരഥാ നൈ വ: ശാന്തിമേതി.
(യോഗവാസിഷ്ഠം)

(പാണ്ഡിത്യമുണ്ടാവും വരെ മായ സംസാരഭയം ഉണ്ടാക്കിക്കൊണ്ടിരിക്കും. എതിനെ അറിഞ്ഞു ജീവൻ പിന്നീട്



page08.jpg

ഈ സംസാരത്തിൽ പെടാതിരിക്കുന്നുവോ അതാണ് പാണ്ഡിത്യം. ആകയാൽ മനുഷ്യൻ നിർമ്മലചിത്തനായി ബ്രഹ്മജ്ഞാനമാകുന്ന പാണ്ഡിത്യം സമ്പാദിക്കുവാൻ നിരന്തരം പ്രയത്നം ചെയ്യേണ്ടതാകുന്നു. സർവ്വോത്കൃഷ്ഠമായ ആ ജ്ഞാനംകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ആ സംസാരഭയം ശമിപ്പിക്കുവാൻ സാദ്ധ്യമല്ല) ഇങ്ങനെയുള്ള രാജവിദ്യയെ ഈ കാലത്തിൽ ജനങ്ങൾ അവഗണിക്കുന്നത് അത്യന്തം ശോചനീയം തന്നെ. ചെറുപ്രായത്തിൽത്തന്നെ ഈ ആത്മവിദ്യയുടെ പരിചയം മനുഷ്യനുണ്ടാകേണ്ടതാണ്. ഉന്നതപാഠശാലകളിൽ ഈ വിഷയത്തിനുകൂടി സ്ഥാനം നൽകേണ്ടതാണ്. പാശ്ചാത്യരും ക്രിസ്ത്യാനികളും തങ്ങളുടെ പാഠശാലകളിൽ അൽപ്പസമയമെങ്കിലും ബൈബിൾഗ്രന്ഥം അവരുടെ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നു. ഭാരതത്തിലും ഈ പദ്ധതി നടപ്പാക്കേണ്ടതാണ്. പാഠശാലകളിൽ ഗീതാദിസദ്ഗ്രന്ഥങ്ങൾ ബോധിപ്പിക്കുന്നത് ശ്രേയസ്കരമാണ്.

ഭാവികാല ശ്രേയസ്സ് ഇപ്പോഴുള്ള കുട്ടികളെ ആശ്രയിച്ചിരിക്കുന്നു. ഭാവിപൗരന്മാർ അവരാണ്. അവരുടെ ഹൃദയങ്ങളിൽ കേവലം ആസുരത്വം താണ്ഡവം ചെയ്താൽ ലോകത്തിന്റെ ഗതി എന്തായിരിക്കും? സത്യം, ദയ, കരുണ, നിസ്സാർത്ഥത, പരോപകാരതൽപ്പരത, സഹാനുഭൂതി, തുടങ്ങിയ ദൈവികഗുണങ്ങൾ ജനങ്ങളുടെ ഹൃദയക്ഷേത്രത്തിൽ എത്രകണ്ടു വർദ്ധിക്കുന്നുവോ അത്രകണ്ട് ലോകത്തിൽ ശാന്തിയും സമാധാനവും സുഭിക്ഷവുമുണ്ടാകും. ആ ഗുണങ്ങൾ ശൂന്യമായിരുന്നാൽ അശാന്തിയും, ഹിംസയും, വിദ്വേഷവും, കലഹങ്ങളും സ്വൈരവിഹാരം നടത്തിക്കൊണ്ടിരിക്കും."മാനവ സമുദായത്തിൽ നിന്നു മതവും ദൈവത്വവും വേർപെടുത്തിയാൽ പിന്നെ ബാക്കിയാകുന്നത് എന്ത്? വെറും മൃഗീയമായ കാട്ടാളത്തം" എന്ന് ശ്രീ വിവേകാനന്ദ സ്വാമികൾ പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. അതുകൊണ്ട് മനുഷ്യനെ രാക്ഷസനാക്കുന്ന, മൃഗമാക്കുന്ന സമ്പ്രദായത്തെ ഉപേക്ഷിച്ച് മനുഷ്യനെ മനുഷ്യനായിത്തന്നെ നിലനിർത്തുന്നതിൽപോലും തൃപ്തമാകാതെ അവനെ ദൈവതുല്യമാക്കി മാറ്റുവാൻ കരുത്തുള്ള ഈ അദ്ധ്യാത്മ വിദ്യയെ ജനങ്ങൾ അറിഞ്ഞാചരിച്ചു മുക്തരാകണം.

(ഗീതാഹൃദയം - വിഭൂതിയോഗം)
പ്രസിദ്ധീകരണം ശ്രീരാമകൃഷ്ണ മഠം

---

## ഓം ശ്രീ ഗുരവേ നമഃ

**ആരാണ് ശ്രീ ഗുരു (ശ്രീ ഗുരു മഹർഷി ഷൺമുഖ ദാസരുടെ ഏക ശിഷ്യൻ സ്വാമി ഗുരുപ്രസാദ്)**

ശരീരത്തിന്റെ നാഥനാണ് മനസ്സ്. മനസ്സ് ഇളകുന്നതാണ്. അതിനെ ഇളക്കമില്ലാത്ത സ്ഥിരമായ ഒന്നിനോട്, ഈശ്വരനോട് ചേർക്കുന്നതാണ് മനുഷ്യൻ ആരെന്നറിയുന്ന മോക്ഷം. ബ്രഹ്മാവ് വസിഷ്ഠനെ ജ്ഞാനിയായിട്ടാണ് സൃഷ്ടിച്ചത്. പിന്നെ മായകൊടുത്ത് മോഹിപ്പിച്ച് സൂര്യവംശത്തിന്റെ കുലഗുരുവായിരിക്കാൻ ഭൂമിയിലേക്കയച്ചു. മനസ്സുകൊണ്ടും വാക്കുകൊണ്ടും ചെയ്യുന്ന കർമ്മങ്ങൾ ബന്ധനത്തിനു കാരണമായിത്തീരുന്നു. ശുദ്ധനായി ജനിച്ചാലും പ്രകൃതി ഗുണങ്ങളോടു ചേരുമ്പോൾ അതനുസരിച്ച് പ്രവർത്തിക്കും. മനസ്സിനെ ആത്മീയോപാസകർ വളരെ ശ്രദ്ധയോടുകൂടി ശ്രദ്ധിച്ച് അവയുടെ മർക്കട മുഷ്ടിയിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കണം.



page09.jpg

**രാമായണത്തിലെ ബാലിവധം, സീതാപരിത്യാഗം, ശംബൂകന്റെ തപസ്സ് ഇവയുടെ രഹസ്യം**

ശ്രീരാമൻ ധർമ്മ സ്ഥാപനത്തിനായി അവതരിച്ച ഈശ്വരാവതാരമാണ്. ഓരോ യുഗത്തിലും ഓരോ ധർമ്മമാണ്. ത്രേതായുഗത്തിൽ പതിനായിരത്തി ഒരുന്നൂറ്റി പതിനൊന്നു വർഷം രാമൻ ജീവിച്ചിരുന്നു. ബാലി അനുജന്റെ ഭാര്യയെ ബലാൽ സ്വീകരിച്ചത് അധർമ്മമാണ്. അതിനു ശിക്ഷിക്കേണ്ടത് ഈശ്വരന്റെ ധർമ്മമത്രെ. ശ്രീരാമൻ ധർമ്മത്തിന്റെ വിഗ്രഹമായ ചക്രവർത്തിയാണ്. പ്രജകളുടെ ഹിതവും സുഖവും ആണ് സീതാപരിത്യാഗത്തിലൂടെ വ്യക്തമാക്കുന്നത്. ബ്രാഹ്മണന്റെ പുത്രൻ മരിച്ചത് ശൂദ്രനായ ശംബൂകന്റെ തലകീഴായി കിടന്ന് ധൂമപാനം ചെയ്തുകൊണ്ട് ദുഷിച്ച ലക്ഷ്യത്തോടുകൂടിയുള്ള ഉഗ്രമായ തപസ്സുകൊണ്ടാണ്. ബ്രാഹ്മണർക്ക് ത്രേതായുഗത്തിൽ ഈശ്വരത്വം കൽപ്പിച്ചിരുന്നു. യുഗധർമ്മം പരിപാലിക്കലാണ് അവതാരലക്ഷ്യം. ബ്രാഹ്മണ കുമാരൻ മരിക്കാനുള്ള കാരണം എന്തെന്ന് ശ്രീരാമൻ ഗുരുവിനോട് ആരാഞ്ഞു. ഗുരു കാരണമായി പറഞ്ഞത് ശൂദ്രന്റെ ധർമ്മം തെറ്റിയുള്ള തപസ്സാണ്. അധർമ്മിയെ കൊല്ലുന്നതാണ് രാജാവിന്റെ ധർമ്മം. അധർമ്മിയെ കൊന്നതുകൊണ്ട് മരിച്ചുപോയ ബ്രാഹ്മണന്റെ മകൻ ജീവിച്ചു. രാമൻ ചെയ്ത പ്രവൃത്തി ശരിയായിരുന്നു എന്നതിന്റെ അനുഭവമാണ് ബ്രാഹ്മണകുമാരൻ ജീവിച്ചത്. അനുഭവമാണ് സത്യം. അതിനെ നിഷേധിക്കുന്നത് സത്യത്തിൽ വിശ്വാസമില്ലാത്ത യുക്തിവാദികളും ദോഷൈകദൃക്കുകളും നിരീശ്വരവാദികളുമാണ്.

**ഈശ്വരനെ കാണാത്തതുകൊണ്ടു വിശ്വസിക്കുന്നില്ല - മറുപടി.**

നാം പെട്ടന്നു കോപിക്കുന്നു. കോപം നമ്മുടെ ഉള്ളിൽ നിന്നും വന്നതാണ്. കോപത്തെ നമുക്കു കാണാൻ കഴിയുമോ? അതു പ്രകൃതിയുടെ പ്രവർത്തിയാണെന്നു പറയുന്നു. പ്രകൃതിക്ക് ഒരു നാഥനുണ്ടാകുമല്ലോ. ഒരു കൃതിയുടെ ഗ്രന്ഥകർത്താവിന്റെ ഊരും പേരും നമുക്കറിയാൻ വയ്യാ എന്ന കാരണത്താൽ ആ കൃതിക്ക് ഒരു കർത്താവില്ലെന്ന് പറയുന്നതു വിഡ്ഢികളാണ്. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ആകാശം, വായു, അഗ്നി, ജലം, ഭൂമി ഇവയൊന്നും മനുഷ്യന്റെ സൃഷ്ടികളല്ല. ഇവയെ നമുക്കു നിയന്ത്രിക്കാനും കഴിയുന്നതല്ല. മനസ്സ് അജ്ഞാനത്താൽ കരിപിടിച്ച ചിമ്മിനി പോലെയാകുന്നു. അതു തുടച്ചു വൃത്തിയാക്കിയാൽ ഉള്ളിലുള്ള പ്രകാശം കാണാം.

ഈശ്വരത്വം ഉള്ളവർ ഒൻപതുപേർ. ബ്രഹ്മൻ, വിഷ്ണു, ശിവൻ - സൃഷ്ടി സ്ഥിതി സംഹാര മൂർത്തികൾ, അവരുടെ ശക്തി സ്വരൂപിണികൾ - സരസ്വതി, മഹാലക്ഷ്മി, ശ്രീ പാർവ്വതി, സന്താനങ്ങൾ ഗണപതി, സുബ്രഹ്മണ്യൻ, ശാസ്താവ് ഇവർ. ഇവരെ ഭജിച്ചാൽ മാത്രമേ മോക്ഷം കിട്ടൂ! മറ്റവതാരങ്ങൾക്കൊന്നും മോക്ഷം തരാൻ സാദ്ധ്യമല്ല.

ഗുരു ഈശ്വര സാക്ഷാൽക്കാരം നേടിയ ആളായിരിക്കണം. ഈശ്വരനെ സാക്ഷാൽക്കരിച്ച ഗുരു സ്വന്തം പേരിൽ ആശ്രമമോ സ്ഥാപനമോ ഉണ്ടാക്കാൻ ശ്രമിക്കയില്ല. അദ്ദേഹത്തിന്റെ അഹം എന്ന ഭാവം പോയി ആത്മജ്ഞാനം (അര നാഴിക നേരം പോലും ഈശ്വരനെ മറക്കാത്ത ഭക്തി) നേടിയിരിക്കുന്നു. ഗുരുവിനെ ഭജിക്കുന്ന വർക്കും മോക്ഷം കിട്ടും. ഏതു ദേവനെയാണോ ഭജിക്കുന്നത് ആ ദേവനെ സർവ്വേശ്വരനായി വിശ്വസിച്ചു ഭജിച്ചു പ്രസാദിപ്പിച്ചാൽ അദ്ദേഹത്തിൽ നിന്നും

ലഭിക്കാനുള്ളതുകിട്ടും. ചാത്തനെ ഭജിച്ചാൽ കാര്യസാദ്ധ്യം ഉണ്ടാകും. മോക്ഷം കിട്ടുകയില്ല. കാരണം ചാത്തനും മോക്ഷം കിട്ടണമെങ്കിൽ ഈശ്വരനെ ഭജിച്ചു പ്രസാദിപ്പിക്കണം

**ഉപദേവതകളായി ചാത്തനെ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നതിന്റെ കാരണം**

ചാത്തനെ ഭജിച്ചിരുന്നവരുടെ വകയായിരുന്ന ക്ഷേത്രം ഈശ്വരാരാധനക്കു വിട്ടുകൊടുക്കുമ്പോൾ ആ ചാത്തനേയും വിട്ടുകൊടുക്കുന്നു. ഈശ്വര സന്നിധിയിൽ ചാത്തൻ ഉപദ്രവകാരിയല്ലാതാകും. കാരണം ചാത്തൻ അവിടെ ഈശ്വരന്റെ നിയമത്തിനു വിധേയമായി പ്രവർത്തിക്കുന്നു (ശ്രീ ഗുരുപദേശം 11.12.1996 ശനിയാഴ്ച ഭക്താശ്രമം, കൊച്ചി - 12)

**ഭക്താശ്രമം എറണാകുളം സ്ഥാപനം : 1958 മേയ് 1**

**സ്ഥാപകൻ : ശ്രീ ഗുരുമഹർഷി ഷണ്മുഖദാസർ**

(15.12.1919 to 19.05.2010)

**ശ്രീ ഗുരുദർശനം : 16.08.1961**

**ഭക്താശ്രമം ട്രസ്റ്റ് രൂപീകരണം : 14 – 07 – 2003**

**പ്രസിദ്ധീകരണം : 96 – ാം ജന്മ ദിനം : 2015 ഡിസംബർ 15**

**യജ്ഞപ്രസാദം**

**സമസ്തഹിന്ദുസമുദായ സംഘം കേരളം, പെരുമ്പെട്ടി, പത്തനംതിട്ട ജില്ല**

**7 – ാമത് ഗീതാജ്ഞാനയജ്ഞം 2014 ഡിസംബർ 27, 31 [illegible]**

എന്നെ പരീക്ഷിച്ചു വിശ്വസിക്കുക. അനുഭവപ്പെടുത്തിയശേഷം എന്നെയും ദൂരെ തള്ളുക. അനുഭവം തന്നെ സർവ്വശ്രേഷ്ഠം

(വേദപ്രമാണം)

**അവതരണം**

1. ഒരു ഗുരുവിന്റെ ഗൗരവവും സുഹൃത്തിന്റെ സ്നേഹവും ഭാര്യയുടെ പ്രേമവും ഭാഗവതോപദേശത്തിൽ സ്ഫുരിക്കുന്ന വേദശ്രവണത്തിന്റേയും ധർമ്മശാസ്ത്രജ്ഞാനത്തിന്റേയും കാവ്യ പരിശീലനത്തിന്റേയും ഫലം സർവ്വചരാചരങ്ങൾക്കും മംഗളം നേരുന്ന ഭാഗവതപഠനം കൊണ്ട്മാത്രം സിദ്ധിക്കുന്നതാണ്. (യഥാർത്ഥഗുരുവും ശിഷ്യനും ജീവിതം തന്നെസന്ദേശം)
2. വ്യക്തിയെ സമൂഹത്തിലും ജീവനെ ഈശ്വര രൂപത്തിലും ഈശ്വരനെ സകല ചരാചരാത്മരൂപത്തിലും ദർശിച്ച് ശാന്തിയും സമാധാനവും നേടാനുള്ള അനേകം മാർഗ്ഗങ്ങൾ ഭാഗവതം തെളിയിച്ചു കാണിക്കുന്നുണ്ട്.
3. മനുഷ്യർ തമ്മിൽ കലഹിച്ചാൽ യാദവന്മാരെപ്പോലെ നശിക്കുകയും യോജിച്ചാൽ പാണ്ഡവന്മാരെപ്പോലെ ശ്രേയസ്സു ലഭിക്കുമെന്ന് ഭാഗവതം ലോകത്തെ ഉദ്ബോധിപ്പിക്കുന്നു.

4 ഭാഗവതപുരാണം പോലെ മാനവ ഹൃദയത്തിൽ ഭക്തിരസവും ജ്ഞാനപ്രകാശവും ചൊരിയുന്ന ഒരു ഗ്രന്ഥം ലോകത്ത് ഇതുവരെയും ഉണ്ടായിട്ടില്ല
അതുകൊണ്ട് ഭാരതത്തിലെ ഭക്തജനങ്ങൾ ഭഗവാന്റെ ശബ്ദമയമായ അവതാരമെന്ന നിലയിവൽ ഭാഗവതത്തെ സമാരാധിക്കുന്നു.

<u>ശ്രീമദ് ദേവീ ഭാഗവതം (9 - 2)</u>

<u>ശ്രീനാരായണൻ ദേവർഷി നാരദനോടുള്ള ഉപദേശം</u>

അവനത്രേപരംബ്രഹ്മം
കൃഷ്ണാഭിധയെഴുന്നവൻ
'കൃഷ്' ധാത്വർത്ഥം ഭക്തിയത്രേ
'ന' യെന്നാൽ ദാസ്യമാകയാൽ - 24
ഭക്തിദാസ്യങ്ങളേകുന്നോൻ
കൃഷ്ണനെന്നുരചെയ്തിടാം
'കൃ' ട്ടിനർത്ഥം സർവ്വമെന്നും
'ന'കാരം ബീജമെന്നതും - 25

## ഭാരതമേദിനി ഗാനം

(കലിയുഗപുരുഷൻ പ്രജാപതി തപോനിധി ശ്രീഗുരുമഹർഷി ഷൺമുഖദാസർ)
ഭക്താശ്രമം, കൊച്ചി - 12(1919 - 2010)

1. ഭാരതമേദിനി, മഹിത പ്രകാശിനി - ആനന്ദരൂപിണി ജയ് ജയ്!
2. ബഹുജനകോടി ജീവികൾ മാതേ ഭാസുരമോഹിനി - ജയ് ജയ് ജയ്!
3. പാവനം മോഹനം കാന്തിദം ശാന്തിദം ഭക്തജനാവനം ജയ് ജയ് ജയ്!
4. ഓങ്കാരമണ്ഡിതം പരബ്രഹ്മനിലയനം- ലോകജനാവനം ജയ് ജയ് ജയ്!
5. ഷൺമുഖസേവിതം - ഭദ്രസംപൂജിതം ദേവാധിവന്ദിതം, ജയ് ജയ് ജയ്!
6. ശക്തി പ്രശോഭിതം - വിഷ്ണുവിരാജിതം സജ്ജനമാനിതം - ജയ് ജയ് ജയ്!

<u>ശ്രീമദ് ഭാഗവതം പ്രഥമസ്കന്ധം. അദ്ധ്യായം ഒന്ന്</u>

<u>(ഭാഗവത വിഷയപ്രശ്നം)</u>

ഇക്കലിയുഗത്തിങ്കൽ മാനുഷർ മിക്കവാറും
ദു:ഖിതരായു, മേറ്റംമന്ദബുദ്ധികളായും,
മന്ദഭാഗ്യന്മാരായു, മല്പായുസ്സുകളായും,
മന്ദന്മാരായുമാണുകാണുമാറുള്ളതെന്നാൽ (10)

ജീവിജാലങ്ങൾക്കെല്ലാം രക്ഷയും സമൃദ്ധിയും
കൈവരുത്തുവാനല്ലോ ഭഗവദവതാരം (12, 13)



page12.jpg

നരന്റെ സ്വാതന്ത്ര്യഗുണം ഹരിച്ചു മാർക്കും തീരെ-
ത്തരണം ചെയ്യാനരുതാതെയും സ്ഥിതി ചെയ്യും
കലിയാം കടലിനെ കടക്കാൻ, കർണ്ണധാര-
നിലയിൽ, ഞങ്ങൾക്കങ്ങേ കാണിച്ചുതന്നു ദൈവം (22)

**അദ്ധ്യായം 19 – ശ്രീശുകാഗമനം**

സാധുക്കളെ സ്മരിച്ചാൽമതി, മർത്ത്യനുഗേഹം
പൂതമാകുവാ, നത്ര മഹാത്മ്യമിയന്നിടും
അവരെ സ്പർശിക്കയും കാൺകയും നമിക്കയു-
മവർതൻ പാദങ്ങളെ കഴുകിത്തുടയ്ക്കയും
ആസനം നൽകി പൂജിക്കുകയും ചെയ്തിടുവോ-
നാസ്വദിച്ചിടും ശുദ്ധിയെത്രയെന്നോതേണമോ? (33)

**ദ്വിതീയസ്കന്ധം: അദ്ധ്യായം 9**
**(ബ്രഹ്മാവിന്ഭാഗവതോപദേശം)**

സൃഷ്ടാശകൊണ്ടു നീണാൾ നീ ചെയ്ത തപസ്സിനാൽ
തുഷ്ടനായി ഞാൻ വേദഗർഭനാം ചതുർമുഖാ!
എന്നെ പ്രസന്നനാക്കാൻ കപടയോഗികൾക്കു-
നിർണ്ണയം സാധിക്കുകയില്ലെന്നു ധരിക്ക നീ!(19)
തപസ്സാണെന്റെ സാക്ഷാദ്ധൃദയം ശുദ്ധബുദ്ധേ!
തപസ്സുതന്നെയാണെൻ വാസ്തവസ്വരൂപവും (22)

തപസ്സാൽ ഞാനീ ലോകം തീർത്തു കാത്തഴിപ്പു ഞാ-
നപാരം മമ വീര്യം ദുഷ്കരം തപസ്സല്ലോ! (23)

പുനഃപ്രസിദ്ധീകരണം 2015 ഡിസംബർ 15 ശ്രീഗുരുമഹർഷി ഷൺമുഖദാസരുടെ 96-ാം പുണ്യജന്മ ദിനദിവ്യസ്മരണയിൽ സമസ്ത ലോക ശാന്തിയരുളേണമേയെന്ന പ്രാർത്ഥനയോടെ സമർപ്പിക്കുന്നു.

ഏക ശിഷ്യൻ ശ്രീ.മഹാഭക്തയോഗി സ്വാമി ഗുരുപ്രസാദ്, ഭക്താശ്രമം, പെരുമ്പടന്ന,
നോർത്ത് പറവൂർ- 683513, മൊബൈ. 9249502293, 04846454540

For more information :www.bhaktashramam.orgE.brochure
facebook.com.bhaktashramam,
Email:bhaktashramam@ymail.com

പഞ്ചഗവ്യചികിത്സയെന്താണ്?

പഞ്ചഗവ്യചികിത്സയുടെ പ്രസക്തിയെന്താണ്?

പഞ്ചഗവ്യചികിത്സ കൊണ്ട് രോഗം മാറുമോ? എങ്ങനെ?

പഞ്ചഗവ്യചികിത്സ സാമ്പത്തികമായി ചെലവേറിയതാണോ?

പഞ്ചഗവ്യചികിത്സയിൽ രോഗനിർണ്ണയം നടത്തുവാൻ സ്കാനിംഗ് തുടങ്ങി ഭാരിച്ച ചെല വുള്ള പരിശോധനകളുണ്ടോ? ഇല്ലെങ്കിൽ പകരമെന്താണ്?

പഞ്ചഗവ്യചികിത്സ ആർക്കൊക്കെ ഗുണകരമായി മാറും

രോഗം വരാതെ നോക്കാൻ പഞ്ചഗവ്യ ഉപയോഗം കൊണ്ടു സാധ്യമോ?

ആരാണു പഞ്ചഗവ്യ ചികിത്സകർ?

പഞ്ചഗവ്യ ചികിത്സയും മറ്റു ചികിത്സാ രീതികളും തമ്മിൽ ബന്ധമുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ?


പഞ്ചഗവ്യചികിത്സയിൽ പാർശ്വഫലങ്ങളുണ്ടാകുമോ?

നാടൻ പശുവിന്റെ ഗുണങ്ങൾ ഇത്രയേറെ മഹത്തരമെങ്കിൽ നാടൻ പശു വളർത്തൽ ലാഭ കരമല്ലേ?

നാടൻ പശുക്കളെ കൃഷികാര്യങ്ങൾക്കു മാത്രമല്ല ചികിത്സയ്ക്കും ഉപയോഗിക്കാമെങ്കിൽ പശുവളർത്തൽ വളരെ നല്ലകാര്യമല്ലേ?

ഇതൊക്കെ അറിയാനാഗ്രഹമുണ്ടെങ്കിൽ 8.8.2015 ന് നടത്തുന്ന ഏകദിന ശില്പശാലയിൽ പങ്കെടുക്കൂ. 9.8.2015 ന് ഗുരുജിയും തന്റെ ഗവ്യസിദ്ധരും നടത്തുന്ന സൗജന്യ രോഗ നിർണ്ണയത്തിൽ പങ്കെടുത്ത് രോഗവിമുക്തരായിത്തീരുന്നതിൽ പങ്കാളികളാകൂ. രോഗനിർണ്ണ യവും ചികിത്സയും ആവശ്യമുള്ളവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം.

ഫോൺ 9446605436, 9895048810



"ഗാവോ വിശ്വസ്യ മാതര"

ഭാരതീയ ഗോ ദർശനവും

പഞ്ചഗവ്യ ആരോഗ്യ ശില്പശാലയും

ആരോഗ്യഭാരതിയുടെയും

ഭാരതീയ ഗോ സേവാസമിതിയുടെയും

സംയുക്ത ആഭിമുഖ്യത്തിൽ

2015 സെപ്തംബർ 8 ചൊവ്വ വൈകിട്ട് 4 ന്

കണ്ണൻകുളങ്ങര സമൂഹമഠം ഹാളിൽ

കണ്ണൻകുളങ്ങര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, എൻ. പറവൂർ

മുഖ്യപ്രഭാഷണം

ഭാരതീയ ഗോമാഹാത്മ്യവും പഞ്ചഗവ്യ ചികിത്സയും

ഗവ്യസിദ്ധാചാര്യൻ ഡോ: നിരഞ്ജൻ വർമ്മ

ഗോശാല, പഞ്ചഗവ്യ അനുസന്ധാൻ കേന്ദ്രം, കാഞ്ചീപുരം.



ഗോപൂജ, ഗോപ്രദർശനം,

സൗജന്യ ചികിത്സ

പ്രിയ ബന്ധു,

നമ്മുടെ വളർത്തമ്മയായ പശുവിന്റെ മഹത്വമറിയാത്തവരാണ് പൊതുവെ കേരള സമൂഹം. ഭാരതീയ സാംസ്കാര മണ്ഡലങ്ങളിൽ ഗോമാതാ സങ്കൽപം നിറഞ്ഞു നിൽക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം വികലമായ വിദ്യാഭ്യാസ കാർഷിക സാമൂഹിക ധാർമിക നയങ്ങളാൽ ഭാരതജനത ഗോസംരക്ഷണത്തിൽ നിന്ന് അകന്നുപോകുകയും ഗോഭക്ഷകരുടെ നാടായി മാറുകയും ചെയ്തു. കൃത്രിമ ബീജസങ്കലനത്തിലൂടെയും,വിദേശ ഇനം പശുക്കളുടെയും ( Pig Cow) ഇറക്കുമതിയും മൂലം ഭാരതീയഗോ വംശങ്ങൾ അന്യംനിന്ന് പോയ്ക്കൊണ്ടിരിക്കുന്നു.

ഗോ മാംസം ഭക്ഷിക്കുന്നത് വഴി മനുഷ്യന് അർബുദം, പ്രമേഹം, ഹാർട്ടറ്റാക്ക്, ശ്വാസകോശരോഗങ്ങൾ തുടങ്ങിയ മാരകരോഗങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. മനുഷ്യരുടെ തെറ്റായ ഭക്ഷണക്രമങ്ങളും, പ്രകൃതി ചൂഷണവും ഭൂമിയുടെ സന്തുലിതാവസ്ഥ നഷ്ടമായിരിക്കുന്നു. പ്രകൃതിയെ സംരക്ഷിക്കുന്നതുവഴി മനുഷ്യരുടെ കഷ്ടതകൾക്ക് പരിഹാരം കാണാൻ കഴിയും എന്ന് നമുക്ക് നിസംശയം പറയാം. ഭാരതീയ ഗോക്കളെ സംരക്ഷിക്കുക എന്നുള്ളതാണ് ഇതിനുള്ള ഏകപരിഹാരം.

രോഗ വിമുക്ത ഭാരതം എന്ന് ലക്ഷ്യ മിട്ട് , ഗവ്യസിദ്ധാചാര്യൻ നിരഞ്ജൻ വർമ്മ മഹർഷി വാഗ്ഭട ഗോശാല പഞ്ചഗവ്യ അനുസന്ധാൻ കേന്ദ്രം, കാഞ്ചീപുരം എന്ന പേരിൽ ഒരു ഗുരുകുലം പ്രവർത്തിക്കുന്നു.
ഗവ്യസിദ്ധാചാര്യൻ ശ്രീ. നിരഞ്ജൻ വർമ്മയുടെ ശിക്ഷണത്തിൽ അഭ്യസിച്ചിട്ടുള്ള ശിഷ്യർ ഗുരുകുലത്തിന്റെ നേതൃത്വത്തിൽ "നിരോഗി ഭാരത യജ്ഞം" ആരംഭിച്ചിരിക്കുന്നു. വാഗ്ഭട മഹർഷി, സുശ്രുത മഹർഷി, ചരക മഹർഷി തുടങ്ങിയ ആചാര്യന്മാരുടെ ഗ്രന്ഥങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള ചികിൽസാരീതികൾ നമ്മുടെ ആരോഗ്യ പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണാൻ കഴിയും പഞ്ചഗവ്യങ്ങളോടൊപ്പം ചില ഔഷധങ്ങൾ കൂടി ചേർത്ത്, ശരീരത്തിലെ പഞ്ചഭൗതിക തത്വങ്ങളുടെ സാമ്യം പൂർണ്ണമാക്കി വാത, പിത്ത, കഫങ്ങളെ സന്തുലനപ്പെടുത്തുന്നു. ഇതുവഴി നിഷ്പ്രയാസം രോഗമുക്തി നേടുന്നു.

ആരോഗ്യമുള്ള സമൂഹത്തെ വളർത്തി എടുക്കുവാൻ നമുക്കും ഈ സംരംഭത്തിൽ അണിചേരാം

എന്ന് ഗോസേവാർത്ഥം
എറണാകുളം ജില്ലാ ഗോസേവാ കോഡിനേഷൻ

<u>കാര്യപരിപാടികൾ</u>

**2015 സെപ്തംബർ 8 ചൊവ്വ**


| | | |
|---|---|---|
| വൈകിട്ട് 4 ന് | : | ഗോപൂജ |
| ഈശ്വരപ്രാർത്ഥന | : | |
| സ്വാഗതം | : | ഉല്ലാസ് |
| അദ്ധ്യക്ഷപ്രഭാഷണം | : | ഡോ: പ്രദീപ്<br>പ്രാണിക് ഹീലിങ് സെന്റർ, മന്നം |
| ഉദ്ഘാടനം | : | ആർ. വി. ബാബു<br>ഹിന്ദു ഐക്യവേദി സംസ്ഥാന ജ: സെ |
| മുഖ്യപ്രഭാഷണം | : | ഗവ്യസിദ്ധാചാര്യൻ<br>ഡോ: നിരഞ്ജൻ വർമ്മ<br>മഹർഷി വാഗ്ഭട ഗോശാല,<br>പഞ്ചഗവ്യ അനുസന്ധാൻ കേന്ദ്രം കാഞ്ചിപു |
| വിഷയം | | ഭാരതീയ ഗോമാഹാത്മ്യവും<br>പഞ്ചഗവ്യ ചികിൽസയും |
| ആശംസകൾ | : | ശ്രീമഹാഭക്തയോഗി സ്വാമി ഗുരുപ്രസാദ്<br>ക്ഷേത്രഗ്രാമം ട്രസ്റ്റ്, എൻ. പറവൂർ<br>ശ്രീ. എസ്. ദിവാകരൻപിള്ള<br>പ്രസിഡന്റ്, KVVES, എൻ. പറവൂർ<br>ശ്രീ. പി. കാന്തിമതി<br>RSS ജില്ലാ സമ്പർക്കപ്രമുഖ് |
| ഔഷധസസ്യ വിതരണം | : | |
| കൃതജ്ഞത | : | |

**2015 സെപ്തംബർ 9 ബുധൻ രാവിലെ 7മുതൽ 11 വരെ**

**പഞ്ചഗവ്യ ചികിത്സാ ശിബിരം**

**ആനന്ദം യോഗ മെഡിറ്റേഷൻ സെന്റർ**

**ഗാന്ധി ഹോസ്പിറ്റലിനു സമീപം, കനാൽ റോഡ്, എൻ. പറവൂ**


GLOBAL ACHIEVERS FOUNDATION

CERTIFICATE OF BEST ORGANISATION PERFORMANCE

Presented To

**"BHAKTASHRAMAM TRUST"**
**NORTH PARAVUR (KERALA)**

For Outstanding Services,
Achievements and Contributions

At the 6th Anniversary of the
**"Global Achievers Foundation"**
New Delhi

A.K. Sharma
Secretary




page16.jpg


ASIA PACIFIC INTERNATIONAL AWARD
GAF
PRESENTED TO
SWAMI GURUPRASAD
ON FRIDAY, 18th MAY 2012
AT TASHKENT (UZBEKISTAN)
BY GLOBAL ACHIEVERS FOUNDATION



page17.jpg


GLOBAL ACHIEVERS FOUNDATION
GAF
EXCELLENCE AWARD FOR
NATIONAL SOCIAL ACTIVITY
AWARD OF HONOUR
Presented To
SWAMI GURUPRASAD
ON 4th NOVEMBER-2011
AT
NEW DELHI
BY
GLOBAL ACHIEVERS FOUNDATION



page18.jpg

OM SRIGURAVE NAMA: !

Swami Guruprasad
Mob : 9287207718
Website: www.bhaktashramam.org
21st Century prescription for world peace

Bhaktashramam Trust
(Reg.No.169/IV/2002)
P.O. N.Paravur, Pin 683 513
Ernakulam District, Kerala State

FORMED FOR A BETTER WORLD DESTROYING DANGEROUS EVIL POWERS OF KALIYUGA

## Author of Eswaramahima so says

I am one among the humble servants of Lord Sree Ramachandra RAMA is PARABRAHMA in human form. See the last two syllables of PARA and BRAHMA. He is the most powerful among all the Avatars. His name is the most simplest and sweetest. There is only one God in the three world. "Daivadheenam Jagat Sarvam". All the Divine Souls are the manifestations of one God. Nobody on earth can claim Godhood because of his spiritual achievements and profound knowledge on Gita, Vedas and scriptures. One who has realised God becomes his devotee and he is like a drop of the Ocean. But a drop will not have all the powers of Ocean.

God is love. Bhakthi means love of God. In this Kaliyuga, God can be realised easily through love of God. Human life is obtained to reach God. Devotee's duty is to glorify God in and through his own life. A real Bhaktha sees his fellow beings alike without the distinction of Caste and Creed. There is no use in simply upholding one Religion above the other religions. God-realisation is the substance of all religions which can be attained through his love and grace alone. So the real religion is love of God and the love of God is the true path fit for God-realisation.

swami chinmayananda

[illegible] February [illegible]

Sri Guruprasad
Bhaktashramam
[illegible]
North Paravur 683 513
Kerala

Blessed Self,

Hari Om! Hari Om! Hari Om!
Salutations!

[illegible] received your book "Eswara Mahima". It is not very easy for me to read fast Malayalam; but I did skip through the book and was so inspired by the ideas that you had incorporated in it. Thank you very much.

With love and Om,


Thy Own Self,



Bhaktashramam Centre started functioning at Puttaparthi by Sri. Narasimhalu Maralagramam, Puttaparthi Taluk, Ananthapur District, Andhra Pradesh (Disciple of Sri. Mahabhaktayogi Swami Guruprasad) at his residence in observance of Ramayana month 2009.


समाधान


॥ जय श्री राम ॥


Marga Darsak Mandal - Kerala
Membership Identity Card
Name of Sanyasi : Swami Guruprasad
Designation
Date of Issue
Valid upto
Signature / हस्ताक्षर


Address / पता
Age / आयु
Blood Group
Issued by : Marga Darsak Mandal - Kerala
Hindu Samskarika Kendram, Pavakkulam Temple Complex,
Kaloor, Kochi, Kerala - 682 017
Phone : 0484 - 2539315, 2539322
Hindu Helpline